# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2857** 20/12/2012 ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം നൽകി വരുന്ന പദ്ധതി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യയൂണിഫോം നൽകി വരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) | വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് 2012-13 അധ്യയന വർഷം മുതൽ സർക്കാർ വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി/ എസ്.ടി/ബി.പി.എൽ വിഭാഗങ്ങളിൽപ്പെടുന്ന മുഴുവൻ ആൺകുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം അനുവദിച്ചിട്ടുള്ളത്. ഒരു കുട്ടിക്ക് 2 ജോഡി യൂണിഫോം വാങ്ങുന്നതിന് 400/- രൂപ എന്ന പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. 9,37,901 കുട്ടികൾക്കാണ് സൗജന്യ യൂണിഫോമിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്. ഇതിനായി ആകെ 3751.60 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വികസനമന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം എസ്.എം.സി./സ്കൂൾ രക്ഷാകർതൃ സമിതിയാണ് സൗജന്യ യൂണിഫോം വിതരണത്തിന്റെ മേൽ നോട്ടം വഹിക്കുന്നത്. |
| ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് യൂണിഫോം വിതരണം നടത്തിവരുന്നത്; | ബി) | സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി./എസ്.ടി/ബി.പി.എൽ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ ആൺകുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം വിതരണം നടത്തി വരുന്നത്. |
| സി) പ്രസ്തുത പദ്ധതി പ്രകാരം യൂണിഫോം നൽകുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | സി) | എസ്.എസ്.എ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഈ അദ്ധ്യയനവർഷം മുതൽ അർഹരായ മുഴുവൻ കുട്ടികൾക്കും യൂണിഫോം ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; വിശദമാക്കുമോ; | ഡി) | മലപ്പുറം ജില്ലയിലെ വേങ്ങര ബി.ആർ.സി.യുടെ പരിധിയിൽപ്പെട്ട ഗവൺമെന്റ് യു.പി.സ്കൂൾ, ചേറൂർ ഒഴികെ മറ്റെല്ലാ ജില്ലകളിലെയും സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. ചേറൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ പി.ടി.എ. നിലവിലില്ലാത്ത സാഹചര്യത്തിലാണ് യൂണിഫോം വിതരണം തടസ്സപ്പെട്ടത്. |

സെക്ഷൻ ഓഫീസർ